**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4623** | **18.05.2017-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൽദോസ് കുന്നപ്പിള്ളി**<br>**ശ്രീ. അനൂപ് ജേക്കബ്**<br>**ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ. അനിൽ അക്കര** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) ജില്ലാ സഹകരണബാങ്കുകളിലെ അംഗത്വം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കേരള ബാങ്ക് രൂപീകരണത്തിന് മുന്നോടിയായിട്ടാണോ ഈ നടപടി; | (എ) 4/2017 നമ്പർ ഓർഡിനൻസിലെ വ്യവസ്ഥ പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ വോട്ടവകാശമുള്ള അംഗത്വം പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വോട്ടവകാശമുള്ള അംഗത്വം പരിമിതപ്പെടുത്തിയത് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് മുന്നോടിയായിട്ടല്ല. |
| (ബി) സേവനങ്ങൾക്ക് അമിത നിരക്ക് ഈടാക്കാതെ സാമ്പത്തിക ഉല്പന്നങ്ങൾക്ക് മാത്രം പലിശ ഈടാക്കിക്കൊണ്ടായിരിക്കുമോ കേരള ബാങ്ക് രൂപീകരണം; | (ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകരിച്ച ശേഷം മാത്രമെ സേവനങ്ങളും നിരക്കുകളും സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | റിസർവ് ബാങ്ക്, നബാർഡ് എന്നിവയുടെ അംഗീകാരം കിട്ടുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (സി) | റിസർവ്വ് ബാങ്ക്, നബാർഡ് എന്നിവയുടെ അംഗീകാരം കിട്ടുവാൻ ഈ ഘട്ടത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) | കേരളബാങ്കിന് ദീർഘകാല കടമോ, ഗ്രാന്റോ ആയി തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിലായിരിക്കും സർക്കാർ ഇക്കാര്യം പരിശോധിക്കുക. |
| (ഇ) | കേരള ബാങ്ക് യാഥാർത്ഥ്യമാകുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ എണ്ണം കുറയ്ക്കേണ്ടിവരുമോ; ഇതു സംബന്ധിച്ച് സംഘടനകളുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പ്രതികരണം എന്താണ്? | (ഇ) | കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്ന ഘട്ടത്തിൽ മാത്രമേ ഇക്കാര്യങ്ങൾ സർക്കാർ തീരുമാനിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ